# ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

---

വിഷയം:- ആവഡ-OA (EKM) -1105/2024,Dtd 23.01.2025 – സംബന്ധിച്ച്

പരാമർശം:- 1. Lr. No. G1 - OAEKM 1105/2024/2025010854 dated 23-01-2025
2.Order dated 12.06.2026 in OA (EKM) -1105/2026

## ഉത്തരവ് നം: DHS/19899/2024-EB2 തീയതി: 02-07-2026

---

കോഴിക്കോട് സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിലെ സൈക്യാട്രി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.ബഷീർ.കെ.പി, കൺസൾട്ടന്റ് തസ്തികയിൽ സ്ഥാനക്കയറ്റം ത്യജിക്കുന്നതിനായി കത്ത് നമ്പർ E/6338/2024, dtd 30.09.2024-ന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് അയയ്ക്കുകയും ആയത് ഗവൺമെന്റ് തലത്തിൽ കത്ത് നമ്പർ A2/495/2024-Health, Dtd 25.11.2024 പ്രകാരം നിരസിക്കുകയും ചെയ്തിട്ടുള്ളതാണ്.

ഡോ.ബഷീർ.കെ.പി-യെ GO(P)No.3142/2024/H&FWD, Dtd 23/12/2024 പ്രകാരം കൺസൾട്ടന്റ് തസ്തികയിൽ കാസർഗോഡ് ജനറൽ ആശുപത്രിയിൽ നിയമനം നല്കി ഉത്തരവായിട്ടുള്ളതാണ്. എന്നാൽ ടി ഡോക്ടർ കൺസൾട്ടന്റ് തസ്തികയിൽ ജോയിൻ ചെയ്യാതെ OA(EKM) No.1691/2024 ഇടക്കാല ഉത്തരവ് അനുസരിച്ച് കോഴിക്കോട് സർക്കാർ മാനസി കാരോഗ്യകേന്ദ്രത്തിലെ സൈക്യാട്രി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ആയി നിലവിൽ തുടരുകയാണ്.

ടിയാനെ കൺസൾട്ടന്റ് ആയി നിയമിക്കുന്നതിനായി കോഴിക്കോട് സർക്കാർ മാനസികാരോഗ്യകേന്ദ്രത്തിൽ നിലവിൽ ഒഴിവില്ല. കോഴിക്കോട് സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിലെ സൈക്യാട്രി വിഭാഗത്തിൽ ജൂനിയർ കൺസൾട്ടന്റ് ആയി തുടരുവാനോ അല്ലാത്തപക്ഷം കൺസൾട്ടന്റ് തസ്തികയിൽ കോഴിക്കോട് ജില്ലയിൽ നിയമനം നല്കുവാനോ കഴിയാത്തതിനാൽ ഡോ.ബഷീർ.കെ.പി യുടെ അപേക്ഷ നിരസിച്ചുകൊണ്ട് OA (EKM)-1105/2024, Dtd 12.06.2026 പ്രകാരമുള്ള ഉത്തരവ് അനുപാലനം ചെയ്തുകൊള്ളുന്നു.

Digitally signed by
Meenakshy V
Date: 02-07-2026
13:37:52

**Dr MEENAKSHY V**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്:-

ഡോ.ബഷീർ.കെ.പി
ജൂനിയർ കൺസൾട്ടന്റ് (സൈക്യാട്രി)
സർക്കാർ മാനസികാരോഗ്യ കേന്ദ്രം, കോഴിക്കോട്

പകർപ്പ്:-

1. അഡ്വക്കേറ്റ് ജനറൽ കേരള
എറണാകുളം (With C/L)

2. അഡീഷണൽ ചീഫ് സെക്രട്ടറി,

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്,(With C/L)

ഗവൺമെന്റ് സെക്രട്ടേറിയേറ്റ്, തിരുവനന്തപുരം

3. ജില്ലാ മെഡിക്കൽ ഓഫീസർ, കോഴിക്കോട്